**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കോവിഡ് 19 - സംസ്ഥാനത്തെ സർവ്വകലാശാല പരീക്ഷകൾ ശനിയാഴ്ചകളിലും നടത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.890/2021 /ഉ.വി.വ. തീയതി, തിരുവനന്തപുരം,09.07.2021

---

പരാമർശം:- ദുരന്ത നിവാരണ (എ) വകുപ്പിന്റെ 22.06.2021 തീയതിയിലെ സ.ഉ.(സാധാ) നം. 479/2021/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവ് .

**ഉത്തരവ്**

കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വർഗീകരിച്ചുള്ള അധിക മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ 2-ാം ഖണ്ഡികയിലെ vi- പിരിവിൽ എല്ലാ പരീക്ഷകളും ശനി ഉൾപ്പെടെയുള്ള ദിവസങ്ങളിലും നടത്താവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്.

2. ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്ത് സമ്പൂർണ്ണ ലോക്ക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ശനിയാഴ്ച ദിവസങ്ങളിലും പരീക്ഷകൾ നടത്തുന്നതിനും അപ്രകാരം പരീക്ഷയ്ക്ക് പോകുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്കും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ യാത്രാനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**സഞ്ജുകുമാർ.എൻ**

**ജോയിന്റ് സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം

സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

8. ദുരന്ത നിവാരണ (എ) വകുപ്പ്
9. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
10. വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - ലോക്ക് ഡൗൺ ഇളവുകൾ - ടെസ്റ്റ് പോസിറ്റീവ് നിരക്ക് അടിസ്ഥാനമാക്കിതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വർഗീകരിച്ചുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് - ഉത്തരവുകൾ പുറപ്പെടുവിക്കുന്നു

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.479/2021/ഡി.എം.ഡി തീയതി,തിരുവനന്തപുരം, 22/06/2021

പരാമർശം:- 15.06.20201 തീയതിയിലെ സ.ഉ(സാധാ) നം.467/2021/ഡി.എം.ഡി.

ഉത്തരവ്

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് (ടിപിആർ) അടിസ്ഥാനമാക്കി സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ 4 വിഭാഗങ്ങളായി തരംതിരിച്ച് ലോക്ക് ഡൗണിന്റെ ചില ഇളവുകൾ ടെസ്റ്റ് പോസിറ്റീവ് നിരക്ക് (ടിപിആർ) കുറവുള്ള മേഖലകളിലേക്ക് വ്യാപിപ്പിച്ചും ടിപിആർ കൂടുതലുള്ള പ്രദേശങ്ങളിൽ പ്രത്യേക കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കിയും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്

2) സംസ്ഥാനത്തെ നിലവിലെ കോവിഡ് മഹാമാരിയുടെ വ്യാപനം വിലയിരുത്തിയതിനു ശേഷം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ, ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 20(3) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന രീതിയിൽ പുനർ വർഗ്ഗീകരിച്ചുകൊണ്ട് ബന്ധപ്പെട്ട പരാമർശം ഉത്തരവിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം ഏഴ് ദിവസത്തെ ശരാശരി ടിപിആർ കണക്കാക്കിയാണ് നടത്തേണ്ടത്.

| കാറ്റഗറി | മാനദണ്ഡം |
|---|---|
| A | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 8 ശതമാനത്തിൽ താഴെ (വ്യാപനം കുറഞ്ഞ സ്ഥലങ്ങളിൽ) |
| B | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 8 മുതൽ 16നും ഇടയ്ക്ക് (മിത വ്യാപനമുള്ള സ്ഥലങ്ങളിൽ) |
| C | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 16 മുതൽ 24നും ഇടയ്ക്ക് (അതിവ്യാപനമുള്ള സ്ഥലങ്ങളിൽ) |
| D | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 24 നു മുകളിൽ (അതിതീവ്ര വ്യാപനമുള്ള സ്ഥലങ്ങളിൽ) |

i. ബന്ധപ്പെട്ട വിഭാഗങ്ങളിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഇതിനകം ലഭ്യമായ ഇളവുകളും നിയന്ത്രണങ്ങളും തുടരുന്നതാണ്.

ii. എല്ലാ സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ (ചലചിത്ര അക്കാദമി ഉൾപ്പെടെ), ഗവൺമെന്റ് കമ്പനികൾ, കമ്മീഷനുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബാങ്കുകൾ,

സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവ 'എ', 'ബി' കാറ്റഗറികളിൽ 50% വരെ ജീവനക്കാരെയും 'സി' കാറ്റഗറിയിൽ 25% വരെ ജീവനക്കാരെയും ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

iii. ഓഫീസ് / അക്കൗണ്ട് ജോലികൾക്കായി ബാങ്കുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവക്ക് ചൊവ്വ, വ്യാഴം ദിവസങ്ങളിലും പ്രവർത്തിക്കാം. ഈ ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് പ്രവേശനമില്ല.

iv. 'എ', 'ബി' കാറ്റഗറികളിൽ ആരാധനാലയങ്ങളിൽ പരമാവധി 15 പേരിൽ കവിയാതെ കർശനമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരിമിതമായസമയം പ്രവേശനം അനുവദിക്കും.

v. കർശനമായ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ കുറഞ്ഞ പങ്കാളിത്തം ഉറപ്പ് വരുത്തി ടെലിവിഷൻ സീരിയലുകളുടെ ഇൻഡോർ ഷൂട്ടിംഗ് അനുവദിക്കുന്നതാണ്.

vi. എല്ലാ പരീക്ഷകളും ശനി, ഞായർ ഉൾപ്പെടെ ദിവസങ്ങളിലും നടത്താവുന്നതാണ്.

vii. പരാമർശഉത്തരവിൽ അക്ഷയകേന്ദ്രങ്ങൾ പ്രവർത്തനാനുമതിയുള്ള കാറ്റഗറികളിൽ ജനസേവനകേന്ദ്രങ്ങളും പ്രവർത്തിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രടട്റി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർ, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ
റീജിയണൽ ഡയറക്ടർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പോലീസ് മേധാവികൾ
പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ